# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206 — 08.12.2015 ൽ മറുപടിയ്ക്ക്

### പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.പി. വിൻസെന്റ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്<br>1. കേപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തു.<br>2. നിലവിലുള്ള നാല് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിച്ചു.<br>3. കേപ്പിന്റെ അഞ്ച് എഞ്ചിനീയിറിംഗ് കോളേജുകളിൽ TEQIP നടപ്പിലാക്കി.<br>4. കേപ്പിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) നടപ്പിലാക്കി<br>5. നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.<br>6. എഞ്ചിനീയിറിംഗ് കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിപ്പിക്കുക, എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുക, ലബോറട്ടറി, ലൈബ്രറി |

മുതലായവ നവീകരിക്കുകയും അധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുകയും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുക. കേപ്പിന്റെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടംഘട്ടമായി നിർമ്മിക്കുക, എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) 1. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 2014-15 അധ്യയന വർഷത്തിൽ കേപ്പിന്റെ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 2016-17 അധ്യയന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം ആരംഭിച്ചു.

2. കേപ്പിന് കീഴിലുള്ള പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ & ഇൻഫർമേഷൻ സയൻസിലും കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസിലും ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലും തലശ്ശേരി എഞ്ചിനീയിറിംഗ് കോളേജിൽ ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷനിലും, മെക്കാനിക്കൽ എഞ്ചിനീയറിംഗിലും പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസിലും മെക്കാനിക്കൽ എഞ്ചിനീയറിംഗിലും പി.ജി. കോഴ്സുകൾ ആരംഭിച്ചു.

3. കേപ്പിന് കീഴിലുള്ള പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP Phase II യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കേണ്ട കാലാവധി 2010-15 ആണ്. ഈ കാലയളവിൽ പ്രസ്തുത

പദ്ധതിയിൽപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി ഘട്ടംഘട്ടമായി പരമാവധി 10 കോടി രൂപവരെ സ്ഥാപനത്തിന് ഗ്രാന്റായി ലഭ്യമാക്കിയിട്ടുണ്ട്.

4. കേപ്പിന് നിലവിലുള്ള അധ്യാപകരുടെ യോഗ്യത ഉയർത്തുന്നതിനായി 2012-14 അധ്യയന വർഷത്തിൽ 12 പേരെയും 2013-15 അധ്യയന വർഷത്തിൽ 17 പേരെയും 2014-16 അധ്യയന വർഷത്തേയ്ക്ക് 17 പേരെയും 2015-2017 അധ്യയന വർഷത്തേയ്ക്ക് 17 പേരെയും QIP മുഖേന M.Tech ന് 2012-15 അധ്യയന വർഷത്തേയ്ക്ക് ഒരാളേയും 2013-16 അധ്യയന വർഷത്തേക്ക് 3 പേരെയും 2014-17 അധ്യയന വർഷത്തേയ്ക്ക് 3 പേരെയും QIP മുഖേന അടിസ്ഥാന ശമ്പളവും ഗ്രേഡ് പേയും നൽകി Ph.D യ്ക്ക് വിടുന്നതിന് അനുമതി നൽകി.

5. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരിൽ നിന്നും കേപ്പിന്റെ തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് കൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

6. കേപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ